LIBRARY ARCHIVES Kerala Legislative Assembly

തീരദേശ സംരക്ഷണത്തിനായി ജിയോടൂബ്

176 (865) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണത്തിനായി നൂതനവും പരിസ്ഥിതിക്ക് ദോഷം വരാത്തതുമായ ജിയോടൂബ് ഉപയോഗിച്ചുള്ള സൈറ്റ് സ്പെസിഫിക്ക് സബ് മെർജ്ഡ് റിഫ് -ന്റെ നിർമ്മാണത്തിനായുള്ള പദ്ധതി 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ബഡ്ജറ്റുകളിൽ എന്തു തുക നീക്കി വച്ചിരുന്നുവെന്നും ഇതുവരെ ഖജനാവിൽ നിന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ കോമനയിൽ 100 മീറ്റർ നീളം ജിയോടൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടില്ല. ഈ പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

ജലവിഭവ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

177 (866) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക എത്ര; ഓരോ പദ്ധതിയും വിശദീകരിച്ച് വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ ?

ഉത്തരം

ജലസേചന വകുപ്പിൽ പ്രോജക്ട് I ചീഫ് എഞ്ചിനിയറുടെ കീഴിലുള്ള കുറ്റ്യാടി ജലസേചന പദ്ധതിയിൽ 3 റോഡുകളുടെ പ്രവൃത്തികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു:

Sl. No.	Name of Work	A.S Amount	Status of Work
1	KyIP-Maintenance of canal bund road between ch:2/00Km and 3/100 km of Thiruvangoor Branch Canal	16.50 lakhs	പ്രവൃത്തി പൂർത്തീകരിച്ചു
2	KyIP-Maintenance of canal bund road between ch:0/000Km and 1/300 km of Thiruvangoor Branch Canal	19.50 lakhs	പ്രവൃത്തി പൂർത്തീകരിച്ചു
3	KyIP-Maintenance of canal bund road between ch:3/200Km and 5/100 km of Thiruvangoor Branch Canal	25.00 lakhs	പ്രവൃത്തി 65% പൂർത്തീകരിച്ചു

ജലസേചന വകുപ്പ്

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

പുഴകളെ സംരക്ഷിക്കുന്നതിന് പദ്ധതി

178 (867) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly